**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5222** **21-07-2022 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ സർവ്വകലാശാല മലയാളം അസോസിയേറ്റ് പ്രൊഫസർ തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. സജീവ് ജോസഫ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ സർവ്വകലാശാലയുടെ മലയാളവിഭാഗത്തിൽ ഒഴിവുള്ള അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ച് ഇന്റർവ്യൂ നടത്തിയിരുന്നുവോ; | (എ) | കണ്ണൂർ സർവ്വകലാശാലയുടെ മലയാള വിഭാഗത്തിൽ ഒഴിവുള്ള അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ച് ഇന്റർവ്യൂ നടത്തിയി'ട്ടുണ്ട്. |
| (ബി) | അപേക്ഷ എന്നാണ് സ്വീകരിച്ചിരുന്നതെന്നും ഇന്റർവ്യൂ എന്നാണ് നടത്തിയതെന്നും വ്യക്തമാക്കുമോ; | (ബി) | 22/09/2021 തീയതിയിലെ Acad.B3/23389/2019 നമ്പർ വിജ്ഞാപനം അനുസരിച്ചാണ് അപേക്ഷ സ്വീകരിച്ചത്. 18/11/2021-നാണ് ഇന്റർവ്യൂ നടത്തിയത്. |
| (സി) | റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചുവോ; പ്രസ്തുത തസ്തികയിൽ നിയമനം നടത്തിയോ; ആർക്കാണ് നിയമനം നൽകിയതെന്നറിയിക്കുമോ; | (സി) | സെലക്ഷൻ കമ്മിറ്റി തയ്യാറാക്കിയ റാങ്ക് പട്ടിക 27/06/2022-ന ചേർന്ന സർവ്വകലാശാല സിൻഡിക്കേറ്റ് അംഗീകരിച്ചിട്ടുണ്ട്. സിൻഡിക്കേറ്റ് അംഗീകരിച്ച റാങ്ക് പട്ടിക പ്രസിദ്ധീകരിച്ച് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെട്ട മുഴുവൻ ഉദ്യോഗാർത്ഥികളുടെയും യോഗ്യത സംബന്ധിച്ച് സർവ്വകലാശാല സ്റ്റാന്റിംഗ് കൗൺസൽ, അഡ്വക്കേറ്റ് ജനറൽ ഓഫ് കേരള എന്നിവരിൽ നിന്നും നിയമോപദേശം തേടുകയുണ്ടായി. നിയമോപദേശം ലഭ്യമായതിന് ശേഷമാണ് സർവ്വകലാശാല സിൻഡിക്കേറ്റ് പ്രസ്തുത നിയമനത്തിനുള്ള അന്തിമ റാങ്ക് പട്ടിക അംഗീകരിച്ചിട്ടുള്ളത്. ആയതിനാലാണ് നിയമനം നൽകുന്നതിന് കാലതാമസം വന്നിട്ടുള്ളത്. |
| (ഡി) | നിയമനം നൽകിയിട്ടില്ലെങ്കിൽ, ഇന്റർവ്യൂ നടത്തിയിട്ടും നിയമനം നൽകാത്തതിനുള്ള കാരണം വ്യക്തമാക്കാമോ? | (ഡി) | സെലക്ഷൻ കമ്മിറ്റി തയ്യാറാക്കിയ റാങ്ക് പട്ടിക 27/06/2022-ന ചേർന്ന സർവ്വകലാശാല സിൻഡിക്കേറ്റ് അംഗീകരിച്ചിട്ടുണ്ട്. സിൻഡിക്കേറ്റ് അംഗീകരിച്ച റാങ്ക് പട്ടിക പ്രസിദ്ധീകരിച്ച് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെട്ട മുഴുവൻ ഉദ്യോഗാർത്ഥികളുടെയും യോഗ്യത സംബന്ധിച്ച് സർവ്വകലാശാല സ്റ്റാന്റിംഗ് കൗൺസൽ, |

| | | | |
|---|---|---|---|
| | | | അഡ്വക്കേറ്റ് ജനറൽ ഓഫ് കേരള എന്നിവരിൽ നിന്നും നിയമോപദേശം തേടുകയുണ്ടായി. നിയമോപദേശം ലഭ്യമായതിന് ശേഷമാണ് സർവ്വകലാശാല സിൻഡിക്കേറ്റ് പ്രസ്തുത നിയമനത്തിനുള്ള അന്തിമ റാങ്ക് പട്ടിക അംഗീകരിച്ചിട്ടുള്ളത്. ആയതിനാലാണ് നിയമനം നൽകുന്നതിന് കാലതാമസം വന്നിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ